**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 524 12.06.2012 ൽ മറുപടിയ്ക്ക്

**മത്സ്യം കയറ്റിപ്പോകുന്ന വാഹനങ്ങളിൽ നിന്നും മലിനജലം ഒഴുകുന്നത് തടയാൻ നടപടി**

ചോദ്യം — ഉത്തരം

ശ്രീ.ഇ.ചന്ദ്രശേഖരൻ

ശ്രീ.സി.എൻ ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മത്സ്യം കയറ്റിപ്പോകുന്ന വാഹനങ്ങളിൽ നിന്നും റോഡിലും റോഡരികിലും വൻതോതിൽ മലിനജലം ഒഴുക്കി വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഫലമായി ഉണ്ടാകുന്ന റോഡപകടങ്ങളും പരിസരമലിനീകരണവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |
| (സി) | മത്സ്യം കയറ്റിപ്പോകുന്ന വാഹനങ്ങളിൽ നിന്നും മലിനജലം ഒഴുകുന്നത് തടയുവാൻ സംസ്ഥാനത്ത് ആവശ്യമായ നിയമമുണ്ടോ? | (സി) | മത്സ്യം കയറ്റുന്ന വാഹനങ്ങൾക്കായി പ്രത്യേക മലിനീകരണ നിയന്ത്രണങ്ങൾ നിലവിലില്ല. |
| (ഡി) | മലിനജലം ഒഴുക്കുന്നത് തടയുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | മത്സ്യം കൊണ്ടുപോകുന്ന വലിയ വാഹനങ്ങൾ ഉണ്ടാക്കുന്ന മലിനീകരണം നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ